# പറമ്പിക്കുളം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ സ്ഥിതിചെയ്യുന്ന വന്യജീവി സങ്കേതമാണ് പറമ്പിക്കുളം. 48 ച.കി.മീറ്റർ വിസ്തൃതിയിൽ 1962 ലാണ് പറമ്പിക്കുളം വന്യജീവി സങ്കേതം രൂപീകൃതമായത്. 2009-ൽ ഇത് പറമ്പിക്കുളം ടൈഗർ റിസർവ്വായി പ്രഖ്യാപിച്ചു. ഇന്ന് ഈ സങ്കേതം 643.66 ച.കി.മീറ്റർ വിസ്തൃതിയിൽ തമിഴ്നാട്ടിലെ ആനമല പർവ്വതത്തിനും കേരളത്തിലെ നെല്ലിയാമ്പതി മലനിരകൾക്കുമിടയിലായി സ്ഥിതി ചെയ്യുന്നു. ഏഷ്യയിലെ ഏറ്റവും വലിയ തേക്കുമരമായ 'കന്നിമരം' ഈ സങ്കേതത്തിലാണ് സംരക്ഷിക്കപ്പെടുന്നത്. വന്യമൃഗ വൈവിധ്യത്താൽ അനുഗ്രഹീതമായ ഇവിടെ നിത്യഹരിത വനങ്ങൾ, ഇലപൊഴിയും കാടുകൾ, ചോല വനങ്ങൾ, വയലുകൾ, ചതിപ്പുനിലങ്ങൾ ആർദ്ര ഇലപൊഴിയും കാടുകൾ തുടങ്ങിയവ കാണാം. കടുവ, കാട്ടുപോത്ത്, പുള്ളിപ്പുലി, കരിമ്പുലി, ആന, കുട്ടിത്തേവാങ്ക്, മരനായ്, വിവിധ കുരങ്ങുവർഗ്ഗങ്ങൾ, രാജവെമ്പാലയടക്കമുള്ള ഉരഗങ്ങൾ എന്നിവയെയും പറമ്പിക്കുളത്തു ദർശിക്കാം. പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം, എന്നീ മൂന്ന് ജലസംഭരണികളും ഈ സങ്കേതത്തിനുള്ളിലാണ്. കാടർ, മുതുവാൻ, മലസർ തുടങ്ങി വിവിധ ആദിവാസി വിഭാഗങ്ങളും ഇവിടെയുണ്ട്. പറമ്പിക്കുളം വൈൽഡ്ലൈഫ് ഡിവിഷന്റെ ഭരണനിയന്ത്രണത്തിലാണ് ഈ സങ്കേതം.



വിപുലമായ ഇക്കോടൂറിസം സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. താമസ സൗകര്യത്തിനായി ട്രീടോപ്പ് ഹട്ടുകൾ, ടെന്റുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഡോർമിറ്ററി എന്നിവയുണ്ട്. ഏറ്റവും അടുത്ത ടൗൺ തമിഴ്നാട്ടിലെ പൊള്ളാച്ചിയാണ് (39 കി.മീ). ജില്ലാ ആസ്ഥാനമായ പാല ക്കാട്ടേക്ക് 98കി.മീ. ദൂരമുണ്ട്. ഏറ്റവും അടുത്ത റയിൽവേസ്റ്റ ഷനും, എയർപോർട്ടും കോയമ്പത്തൂരാണ് (100 കി.മീറ്റർ) പൊള്ളാച്ചിക്കു പുറമേ, ഇപ്പോൾ പാലക്കാട് നിന്നും പറമ്പിക്കുളത്തേക്ക് ബസ് സൗകര്യമുണ്ട്.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 643.66 ച.കി.മീറ്റർ |
| വർഷപാതം | - | 1500 മി.മീറ്റർ |
| ഊഷ്മാവ് | - | $15^0$–$32^0$C |
| സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | - | 300–1438 മീറ്റർ |
| സന്ദർശന കാലം | - | സെപ്തംബർ - മാർച്ച് |

*കൂടുതൽ വിവരങ്ങൾക്ക്*


വൈൽഡ്ലൈഫ് വാർഡൻ
പറമ്പിക്കുളം ടൈഗർ റിസർവ്വ്
തൂണക്കടവ് പി.ഒ. - 678661 പൊള്ളാച്ചി (വഴി)
പാലക്കാട് ജില്ല. ഫോൺ - 04253 - 245005
മൊബൈൽ - 9447979102





